## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4876 — 01.07.2013 ന് മറുപടിയ്ക്ക്.

## എലിഫെന്റ് വെൽഫെയർ ബോർഡ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എലിഫെന്റ് വെൽഫെയർ ബോർഡ് രൂപീകരിക്കാനുള്ള നടപടികൾ ആയിട്ടുണ്ടോ ; ഈ ബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്ത് എലിഫെന്റ് വെൽഫെയർ ബോർഡ് രൂപീകരണം സംബന്ധിച്ച് വന്യജീവി ബോർഡ് 14.05.2013-ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയുണ്ടായി. രൂപീകരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ആനത്തൊഴിലാളികളായി സംസ്ഥാനത്ത് മൊത്തം എത്ര പേരുണ്ട്; ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വെളിപ്പെടുത്തുമോ? | (ബി) സംസ്ഥാനത്തെ ആനത്തൊഴിലാളികളുടെ കണക്ക് വനം വകുപ്പ് ശേഖരിച്ചിട്ടില്ല. ആനത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള നിയമങ്ങളും ആയതിന് ആന ഉടമസ്ഥർ അറിഞ്ഞിരിക്കേണ്ട കടമകളും ഉത്തരവാദിത്വങ്ങളും കേരള സർക്കാരിന്റെ 18.12.2012-ലെ ജി.ഒ.(പി)നം.119/2012/F&WLD ഉത്തരവിൽ താഴെ പറയുംപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.<br>• വനം വകുപ്പ് ആവശ്യപ്പെടുമ്പോഴൊക്കെ, എല്ലാ പാപ്പാന്മാരും ആന സംരക്ഷണ പരിശീലന പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്. ഉചിതമായ ക്രമീകരണങ്ങൾ നടത്തിയശേഷം പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ കഴിയുംവിധം പാപ്പാന്മാർക്ക് ഒഴിവു നൽകേണ്ട ബാദ്ധ്യത ഉടമകളുടേതാണ്.<br>• പാപ്പാനെ സഹായിക്കാൻ ഒരു കാവടിയെ ഉടമ നിയമിക്കേണ്ടതാണ്.<br>• ആനയെ പരിപാലിക്കുന്ന പാപ്പാന്, ആനക്ക് പകരാൻ സാദ്ധ്യതയുള്ള അസുഖം ഒന്നുമില്ലെന്ന് ഉറപ്പു വരുത്താൻ, വർഷത്തിൽ ഒരിക്കലെങ്കിലും വൈദ്യപരിശോധന നടത്തേണ്ട ഉത്തരവാദിത്തം ഉടമയ്ക്കുള്ളതാണ്. |

- മദ്യപിച്ച ലക്കുകെട്ട പാപ്പാനെ ആനയെ കൈകാര്യം ചെയ്യുന്നതിന് അനുവദിക്കരുത്.
- ആനയ്ക്ക് മദമിളകുന്ന പക്ഷം ജീവന് ഉണ്ടാകാവുന്ന ഭീഷണിയെ മുൻനിർത്തി പാപ്പാനും സഹപാപ്പാനും 5 ലക്ഷം രൂപാ വീതം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിരിക്കണം.
- ഓരോ യാത്രയുടേയും അവസാനം ആനയ്ക്കും പാപ്പാന്മാർക്കും ആവശ്യത്തിന് വിശ്രമം നൽകേണ്ടതാണ്.
- ആനയെ കൊണ്ടു നടക്കുമ്പോൾ പാപ്പാന്മാർ മദ്യലഹരിയിൽ ആയിരിക്കരുത്.

സെക്ഷൻ ഓഫീസർ.